# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാള ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി8)606/22
തി.01.07.22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 12/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാള ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി8)606/22 തീയ്യതി: 12/07/2022
തി.01.07.22

## തൃശ്ശൂർ ജില്ലയിലെ മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-12-2019 മുതൽ 21-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷാജി. കെ | ജോയിന്റ് ഡയറക്ടർ | 04-04-2022 | 13-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-04-2022 | 13-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ഷീന കെ ടി, ഓഡിറ്റ് ഓഫീസർ

ശ്രീ. സിജു പി ഡാംസൺ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി. സുമിത ടി എസ്,അസി.ഓഡിറ്റ് ഓഫീസർ

ശ്രീ. സലീഷ് എം ജി, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി. ധന്യ ദിലീപ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഇ.കേശവൻകുട്ടി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. അരുൺരാജ് പി. എൻ | സെക്രട്ടറി | 01-04-2019 | 20-06-2019 |
| ശ്രീ. സോജൻ പി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-06-2019 | 23-07-2019 |
| ശ്രീമതി. ലൈല വി.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-07-2019 | 14-08-2019 |
| ശ്രീമതി. രമ്യ .സി | സെക്രട്ടറി | 15-08-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സുരജ. പി. കെ | പട്ടിക ജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. സന്ദൂപ് എ. വി | അസി. എഞ്ചിനീയർ | 01-04-2019 | 19-07-2019 |
| ശ്രീ. ധനീഷ് .ടി. എം | അസി. എഞ്ചിനീയർ | 20-07-2019 | 31-03-2020 |
| ഡോ. ആശ .പി. എസ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2019 | 31-03-2020 |
| ശ്രീമതി. ജൂണി ജോസ് റോഡ്റിഗ്ഗ്സ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സുനിത പി. വി | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ഇ. ടി. ബിന്ദു | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. ജെസ്സി . വി. ഡി | ശിശുവികസന പദ്ധതി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഷേർളി എ. എഫ് | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2019 | 05-11-2019 |
| ശ്രീ. ഹരീന്ദ്രൻ. വി. ജി | " | 06-11-2019 | 17-01-2020 |
| ശ്രീ. അജിത് . സി. ബി | "-ഇൻ-ചാർജ് | 18-01-2020 | 03-03-2020 |
| ശ്രീമതി. സിന്ധുകുമാരി. ജി. എസ് | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 04-03-2020 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 02-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 02-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 02-07-2022) | 1-5 |
| 6 | ക്യാഷ് പരിശോധന<br>Written By: Dhanya Dhileep (Auditor, On 17-04-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 1-7 |
| 8 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sumitha T.S (Asst. Audit Officer, On 18-04-2022)<br>Last Updated By: Sumitha T.S (Asst. Audit Officer, On 18-04-2022) | 1-8 |
| 9 | രേഖകൾ ഇല്ലാതെ ജേണൽ എന്‌ട്രി ചെലവ് എഴുതിത്തള്ളലും വരുമാനമായി ക്രമീകരിക്കലും<br>Written By: Sumitha T.S (Asst. Audit Officer, On 18-04-2022)<br>Last Updated By: Sumitha T.S (Asst. Audit Officer, On 18-04-2022) | 1-9 |
| 10 | ഡിമാന്റ് എൻട്രി ഒരു തവണ മാത്രം<br>Written By: Sumitha T.S (Asst. Audit Officer, On 18-04-2022)<br>Last Updated By: Sumitha T.S (Asst. Audit Officer, On 18-04-2022) | 1-10 |
| 11 | രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 18-04-2022)<br>Last Updated By: Sumitha T.S (Asst. Audit Officer, On 18-04-2022) | 1-11 |
| 12 | ജേണൽ വൌച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 18-04-2022)<br>Last Updated By: Sumitha T.S (Asst. Audit Officer, On 18-04-2022) | 1-12 |
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 18-04-2022)<br>Last Updated By: Sumitha T.S (Asst. Audit Officer, On 18-04-2022) | 1-13 |
| 14 | ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല.<br>Written By: Sumitha T.S (Asst. Audit Officer, On 18-04-2022)<br>Last Updated By: Sumitha T.S (Asst. Audit Officer, On 18-04-2022) | 1-14 |
| 15 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ ഹാജരാക്കിയില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 18-04-2022)<br>Last Updated By: Sumitha T.S (Asst. Audit Officer, On 18-04-2022) | 1-15 |
| 16 | ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി. | 1-16 |

| | | |
|---|---|---|
| | Written By: Sumitha T.S (Asst. Audit Officer, On 18-04-2022)<br>Last Updated By: Sumitha T.S (Asst. Audit Officer, On 18-04-2022) | |
| 17 | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 18-04-2022)<br>Last Updated By: Sumitha T.S (Asst. Audit Officer, On 18-04-2022) | 1-17 |
| 18 | ജില്ലാ പഞ്ചായത്ത് വിഹിതം-ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 ഉം ബി17 ഉം പൊരുത്തപ്പെടുന്നില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 18-04-2022)<br>Last Updated By: Sumitha T.S (Asst. Audit Officer, On 18-04-2022) | 1-18 |
| 19 | പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല.<br>Written By: Sumitha T.S (Asst. Audit Officer, On 18-04-2022)<br>Last Updated By: Sumitha T.S (Asst. Audit Officer, On 18-04-2022) | 1-19 |
| 20 | " Capital Contribution"ഒരേ തുക തന്നെ ചേർത്തു.<br>Written By: Sumitha T.S (Asst. Audit Officer, On 18-04-2022)<br>Last Updated By: Sumitha T.S (Asst. Audit Officer, On 18-04-2022) | 1-20 |
| 21 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ഇല്ല.<br>Written By: Sumitha T.S (Asst. Audit Officer, On 18-04-2022)<br>Last Updated By: Sumitha T.S (Asst. Audit Officer, On 18-04-2022) | 1-21 |
| 22 | ആസ്തികൾ തെറ്റായി ഉൾപ്പെടുത്തിയത് പരിശോധിക്കേണ്ടതാണ്.<br>Written By: Sumitha T.S (Asst. Audit Officer, On 18-04-2022)<br>Last Updated By: Sumitha T.S (Asst. Audit Officer, On 18-04-2022) | 1-22 |
| 23 | ബാങ്ക് അക്കൗണ്ട് വാർഷികകണക്കിൽ ഉൾപ്പെടുത്തിയില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 18-04-2022)<br>Last Updated By: Sumitha T.S (Asst. Audit Officer, On 18-04-2022) | 1-23 |
| 24 | വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി 34/20 - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: Dhanya Dhileep (Auditor, On 04-05-2022)<br>Last Updated By: Dhanya Dhileep (Auditor, On 07-05-2022) | 1-24 |
| 25 | പരസ്യ ചാർജ് ഡിസ്കൗണ്ട് ലഭ്യമായില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 02-07-2022) | 1-25 |
| 26 | വയോജന ക്ഷേമം ഫർണ്ണീച്ചർ വാങ്ങൽ -മാർഗ്ഗരേഖ ഉത്തരവിനു വിരുദ്ധമായി വാങ്ങൽ നടത്തി.<br>Written By: Sumitha T.S (Asst. Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 02-07-2022) | 1-26 |
| 27 | ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽപ്പെടാത്ത പദ്ധതി നടപ്പാക്കി<br>Written By: Dhanya Dhileep (Auditor, On 04-05-2022)<br>Last Updated By: Dhanya Dhileep (Auditor, On 07-05-2022) | 1-27 |
| 28 | ഡയാലിസിസ് യൂണിറ്റ് -ചെലവ് രേഖകൾ കൃത്യമല്ല.<br>Written By: Sumitha T.S (Asst. Audit Officer, On 06-05-2022)<br>Last Updated By: Sheena K T (Audit Officer, On 12-07-2022) | 1-28 |
| 29 | ഡയാലിസിസ് യൂണിറ്റിലേക്ക് മരുന്നും കിറ്റും വാങ്ങൽ<br>Written By: Sumitha T.S (Asst. Audit Officer, On 06-05-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 03-07-2022) | 1-29 |
| 30 | ഡയാലിസിസിന് ആരംഭിച്ച ആശുപത്രി മാനേജിങ് കമ്മറ്റിയുടെ അക്കൗണ്ടിൽ പ്ളാൻ ഫണ്ട് പിൻവലിച്ച് നിക്ഷേപിച്ചത് ചെലവഴിക്കാതെ അവശേഷിക്കുന്നു.<br>Written By: Sumitha T.S (Asst. Audit Officer, On 06-05-2022)<br>Last Updated By: Sheena K T (Audit Officer, On 02-07-2022) | 1-30 |
| 31 | മരുന്ന് വാങ്ങൽ മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 06-05-2022) | 1-31 |

| | | |
|---|---|---|
| | Last Updated By: Sheena K T (Audit Officer, On 02-07-2022) | |
| 32 | ഡയാലിസിസ് യൂണിറ്റ് പദ്ധതികൾ -മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 06-05-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 03-07-2022) | 1-32 |
| 33 | ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ്-ജി എസ് ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി.<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 12-07-2022) | 1-33 |
| 34 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് പണി പൂർത്തിയാക്കി ഫൈനൽ ബിൽ നൽകിയപ്പോൾ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ജി എസ് ടി തുക അധികമായി ആവശ്യപ്പെട്ടു.<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 12-07-2022) | 1-34 |
| 35 | ട്രഷറി ബിൽ ബുക്ക് പരിശോധനക്ക് ഹാജരാക്കിയില്ല.<br>Written By: Dhanya Dhileep (Auditor, On 07-05-2022)<br>Last Updated By: Dhanya Dhileep (Auditor, On 08-05-2022) | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ്-ജി.എസ്.ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി.<br>Written By: Sheena K T (Audit Officer, On 03-06-2022)<br>Last Updated By: Sheena K T (Audit Officer, On 12-07-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 03-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 4-6 |
| 7 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 12-07-2022) | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sheena K T (Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 04-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 27-2-2019 | 1(1) | 200654000 | 199877667 |

### 1-2 വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം

| ലഭിച്ച തിയതി | ലഭിക്കേണ്ട തിയതി |
|---|---|
| 11-05-2020 | 31-7-2020 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4655087 |
| വരവ് | 39826025 |
| ആകെ | 44481112 |
| ചെലവ് | 40727370 |
| നീക്കിയിരിപ്പ് | 3753742 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 30993000 | 20765126 | 10227874 |
| വികസനഫണ്ട്-എസ് സി പി | 14595000 | 7873235 | 6721765 |
| വികസനഫണ്ട്-ടി എസ് പി | 141000 | 0 | 141000 |
| മെയിന്റനൻസ്-റോഡ് | 0 | 0 | 0 |
| മെയിന്റനൻസ്-റോഡിതരം | 4054000 | 3497541 | 556459 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ(എണ്ണം) | അടങ്കൽ(തുക) | നടപ്പിലാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|
| 107 | 65460659 | 45 | 32421690 | 21 | 41 | 49.53% |

### 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-04-2022 തീയതിയിൽ 3.45 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4130/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകളിൽ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുന്നതായി കാണുന്നില്ല. പൂർത്തിയാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നതായി കാണുന്നില്ല.

### 1-8 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-9 രേഖകൾ ഇല്ലാതെ ജേണൽ എന്ട്രി ചെലവ് എഴുതിത്തള്ളലും വരുമാനമായി ക്രമീകരിക്കലും

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280800701-Prior Period Miscellaneous Expenses | (196986.00) |
| 280800201-Prior Period Income-Administrative Expenses | (26091.00) |
| 280200401-Prior Period Income-Other Income | 62814.00 |
| 280800601-Prior Period-Revenue Grants And Contributions | (200533.00) |
| 280800501-Prior Period-Programme Expenses | (2328926.00) |

## 1-10 ഡിമാന്റ് എൻട്രി ഒരു തവണ മാത്രം

2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക( 4കെട്ടിടങ്ങൾ) | 130100101-Rent From Building | 64310.00 | 10.6.2019 | 41900003 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11 രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി

സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.)വാടക ഡിമാന്റ് രജിസ്റ്റർ

2)വാടക (ഓഡിറ്റോറിയം)

3)ലേലം രജിസ്റ്റർ

4)ടെണ്ടർ ഫോം വില്പന രജിസ്റ്റർ

## 1-12 ജേണൽ വൌച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. അപാകത ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-13 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-14 ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (901345.00) രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 712677.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-15 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ ഹാജരാക്കിയില്ല.

2019-20 വർഷത്തെ Income And Expenditureപത്രിക പ്രകാരം 2875611.00രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്.എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-16 ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി.

31/3/2020 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Asset എന്ന ആസ്തിക്ക് 795000.00 രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2020 ലെ Accumulated Depreciation 911331.00 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക തുടർ വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-17 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ(ബാലൻസ് ഷീറ്റ് ബി7) എഴുതി തയ്യാറാക്കിയിട്ടില്ല.

## 1-18 ജില്ലാ പഞ്ചായത്ത് വിഹിതം-ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 ഉം ബി17 ഉം പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/2020ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/2020 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320700205 | ജില്ലാ പഞ്ചായത്ത് വിഹിതം | 1070670.00 | 450610103.00 | UBI | 1227790.00 |

## 1-19 പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല.

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
|---|---|---|---|
| 1 | 450610105 | UBI Saksharatha | 4639.00 |

## 1-20 " Capital Contribution"ഒരേ തുക തന്നെ ചേർത്തു.

31/3/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2020 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്.വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം.ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു.ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-21 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ഇല്ല.

B-9 ഷെഡ്യൂളിൽ Other Liabilities (350800299) എന്ന ഹെഡ്ഡിൽ 249559.00 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് വകുപ്പുകളിൽ നിന്ന് പരിശീലനത്തിന് ലഭിക്കുന്ന തുകയാണ് ഇത് എന്നതിനാൽ പ്രസ്തുത ഇനത്തിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-22 ആസ്തികൾ തെറ്റായി ഉൾപ്പെടുത്തിയത് പരിശോധിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11പ്രകാരം താഴെ ചേർക്കുന്ന ആസ്തികൾ ഉള്ളതായി കാണുന്നു.

| അക്കൌണ്ട് ശീർഷകം | തുക |
|---|---|
| 410300102- Roads Tarred | 5611095 |
| 410300103-Roads Metal | 3264796 |
| 410300301-Culverts | 1391709 |
| 410400101-Drinking Water Sources | 1171411 |
| 410400103-Drinking Water -Pipelines | 1241915 |
| 410500101-Irrigation Sources | 2042207 |
| 410500102-Irrigation -Distribution System | 916355 |
| 410600101-Electricity Mycro Hydel Project | 446091 |
| 410600102-Line Extension | 194350 |
| 410600104-Street Lights | 374796 |

ഈ ആസ്തികളിന്മേൽ ഡിപ്രിസിയേഷൻ കണക്കാക്കി വരുന്നുണ്ട്.മേൽ ആസ്തികൾ ഗ്രാമപഞ്ചായത്ത് സ്ഥലം വിട്ട് നല്കിയതിന്റെ അടിസ്ഥാനത്തിൽ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് നിർമ്മിച്ച് നല്കിയവയോ ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽപ്പെട്ട വിഷയങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നിർമാണം നടത്തി അതാത് സ്ഥാപനങ്ങൾക്ക് കൈമാറിയവയാണെന്നും കാണുന്നു.ആയതിനാൽ ഈ ആസ്തികൾ പണി പൂർത്തിയാകുന്നമുറയ്ക്ക് അതാത് ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടിയിരുന്നതും അതാത് സ്ഥാപനങ്ങൾ ബാലൻസ്ഷീറ്റിൽ ആസ്തിയായി

ഉൾപ്പെടുത്തേണ്ടിയിരുന്നതുമാണ്.ബ്ലോക്ക് പഞ്ചായത്ത് ഇവ റവന്യൂ ചെലവ് ആയി രേഖപ്പെടുത്തേണ്ടിയിരുന്നതാണ്.

## 1-23 ബാങ്ക് അക്കൗണ്ട് വാർഷികകണക്കിൽ ഉൾപ്പെടുത്തിയില്ല.

ചെക്ക് നമ്പർ-0070935/7.6.2018 ൽ അസി .എക്സി.എൻജിനീയർക്ക് ഇ-ടെണ്ടർ തുക വരവ് വക്കുന്നതിനായി അക്കൗണ്ട് ആരംഭിക്കുന്നതിന് തുക കൈമാറി. ടിയാൻ എസ്ബിഐയിൽ അക്കൗണ്ട്(നമ്പർ-37782411767) അരംഭിച്ചിട്ടുണ്ട്.31.3.20ൽ മേൽ അക്കൗണ്ടിൽ 29264 രൂപ ബാലൻസ് ഉണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ വിവരം ബാലൻസ് ഷീറ്റിൽ ചേർത്തിട്ടില്ല.

2018-19ലെ വാർഷികകണക്ക് പരിശോധന സമയത്ത് കണ്ടെത്തിയ പ്രസ്തുത അപാകത ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നുവെങ്കിലും 2019-20 വാർഷികകണക്കിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-24 വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി 34/20 - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

നിർവഹണോദ്യോഗസ്ഥ : വ്യവസായ വികസന ഓഫീസർ
പ്രോജക്റ്റ് നമ്പർ : 34/20

പ്രോജക്റ്റിന്റെ പേര് : ചെറുകിട സംരംഭങ്ങൾക്ക് സബ്സിഡി

വിഭാഗം : പട്ടികജാതി

മുഖ്യമേഖല : ഉല്പാദനം

അടങ്കൽ തുക : 600000/- (വികസന ഫണ്ട്-എസ്. സി. പി)

ചെലവ് തുക : 400000/-
വൌച്ചർ നം-21900779/17.2.2020
വൌച്ചർ നം-21900736/17.2.2020
ചെറുകിട സംരംഭങ്ങൾക്ക് സബ്സിഡി എന്ന പദ്ധതിയിൽ നിള കാറ്ററിങ്ങ്, രസചലിക ശിങ്കാരിമേളം എന്നീ ഗ്രൂപ്പുകളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ചെറുകിട സംരംഭങ്ങൾക്ക് സബ്സിഡി എന്ന പദ്ധതിയിൽ ആളൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന അഞ്ച് പേർ അടങ്ങുന്ന നിള കാറ്ററിങ്ങ് ഗ്രൂപ്പിനെ തിരഞ്ഞെടുത്തിട്ടുണ്ട് [16/12/2019 ലെ ഭരണസമിതി തീരുമാനം നമ്പർ : V(1) ]. നിള കാറ്ററിങ്ങ് സംരംഭത്തിന് 2,50,000/- രൂപ കേരള ഗ്രാമീൺ ബാങ്കിൽ നിന്നും ലോൺ അനുവദിച്ചിട്ടുമുണ്ട്. സ.ഉ.കൈ.നം.22/2018 ത.സ്വ.ഭ.വ , തീയതി :14/02/2018 ഖണ്ഡിക 6.4 ലെ വ്യവസ്ഥ അനുസരിച്ച് സബ്സിഡി തുക ബാങ്കിലേക്ക് ബാക്ക് എൻഡഡ് സബ്സിഡിയായാണ് നൽകേണ്ടത് എന്നാൽ BRN NO : 19230663003601290195/ 17-2-2020 പ്രകാരം 2,00,000/- രൂപ ലോൺ അക്കൗണ്ടിലേക്ക് നൽകുന്നതിന് പകരം കേരള ഗ്രാമീൺ ബാങ്കിലുള്ള നിള കാറ്ററിങ്ങ് സംരംഭത്തിന്റെ സേവിങ്ങ്സ് അക്കൗണ്ട് നമ്പർ : 40293101043987 ലേക്കാണ് കൈമാറിയിട്ടുള്ളത്. (ഓഡിറ്റ് അന്വേഷണം നമ്പർ : 16, തീയതി : 13/04/2022)

നിള കാറ്ററിങ്ങ് സംരംഭത്തിലെ ഗ്രൂപ്പ് അംഗങ്ങളായ സ്മിത ഉണ്ണികൃഷ്ണൻ , സ്മിത പി.വി , സിന്ധു സുരേഷ് , ശോഭ മുണ്ടൻ , ലീന ഉണ്ണികൃഷ്ണൻ എന്നിവരുടെ വരുമാന സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമായില്ല. ഗ്രൂപ്പ് അംഗങ്ങളുടെ റേഷൻ കാർഡിന്റെ പകർപ്പുകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. സംരംഭത്തിലെ അംഗമായ സ്മിത പി.വി പെരിങ്ങൽ വീട് ,പഞ്ഞപ്പിള്ളി എന്നവരുടെ കുടുംബ മാസവരുമാനം റേഷൻ കാർഡ് നം.1875120413 പ്രകാരം 38072/- രൂപയാണ്( 38072 X12 = 456864). സ. ഉ. കൈ.നം. 22/2018 ത.സ്വ.ഭ.വ , 14/2/2018 സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ ,ചെറുകിട വ്യവസായം ഖണ്ഡിക 6.4 പ്രകാരം പട്ടികജാതി വിഭാഗത്തിന്റെ കുടുംബ വാർഷിക വരുമാന പരിധി 3 ലക്ഷം രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. ഇക്കാര്യങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (ഓഡിറ്റ് അന്വേഷണം നമ്പർ :9, തീയതി : 11/04/2022 ,ഓഡിറ്റ് അന്വേഷണം നമ്പർ : 10 തീയതി : 12/04/2022 ) മറുപടി ലഭ്യമാക്കുന്നതുവരെ സബ്സിഡിയായി അനുവദിച്ച 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. ചെറുകിട സംരംഭങ്ങൾക്ക് സബ്സിഡി എന്ന പദ്ധതിയിലേക്ക് അന്നമനട ഗ്രാമപഞ്ചായത്തിലെ അഞ്ച് പേർ അടങ്ങുന്ന രസചലിക ശിങ്കാരിമേളം ഗ്രൂപ്പിനെ തിരഞ്ഞെടുത്തിട്ടുണ്ട്. [2020 ജനുവരി 9ാം തീയതിയിലെ ഭരണസമിതി തീരുമാനം നമ്പർ : V(II)] . ടി ഗ്രൂപ്പിന് 2,50,000/- രൂപ ലോൺ അനുവദിക്കുകയും ബാക്ക് എൻഡഡ് സബ്സിഡിയായി BRN NO : 19230663003601291002/ 17-2-2020 പ്രകാരം 2,00,000/- രൂപ വെണ്ണൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ A/C NO: 32401139350 ലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.4.1 പ്രകാരമുള്ള ചെറുകിടവ്യവസായങ്ങളുടെ ലിസ്റ്റിൽ ശിങ്കാരിമേളം ഉൾപ്പെടുന്നില്ല.

ഗ്രൂപ്പിലെ അംഗങ്ങളായ മഞ്ജു ഷിബു, ജയ മോഹൻ, സരിത പി.വി , ഗിരിജ മോഹൻ , ഷിനി പി. കെ എന്നിവരുടെ വരുമാനം തെളിയിക്കുന്നതിന് റേഷൻകാർഡിന്റെ പകർപ്പുകളാണ് ഫയലിൽ വച്ചിട്ടുള്ളത്. ഗ്രൂപ്പ് അംഗങ്ങളുടെ വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ പക്കൽ നിന്നും ലഭ്യമാകുന്ന വരുമാനസർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമായില്ല. ഇക്കാര്യങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ :9, തീയതി : 11/04/2022 ) മറുപടി ലഭ്യമാക്കുന്നതുവരെ സബ്സിഡിയായി അനുവദിച്ച 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 പരസ്യ ചാർജ് ഡിസ്കൗണ്ട് ലഭ്യമായില്ല.

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക്പഞ്ചായത്തിൽ 2019-20 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. ആയതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ചെക്ക് നം. | തിയതി | പത്ര സ്ഥാപനം | ബിൽ നമ്പർ | തുക (₹) |
|---|---|---|---|---|---|
| 1 | 176847 | 13.08.2019 | ദേശാഭിമാനി | TCR/19/0527/21.6.19 | 7728/- |
| 2 | 1407730 | 09.07.2019 | വീക്ഷണം | 42141/25.3.2019 | 4800/- |
| 3 | 1374031 | 08.04.2019 | മാതൃഭൂമി | 32100119069/22.12.18<br>132495/23.1.19<br>142398/15.2.19 | 15971/- |
| 4 | വൗച്ചർ നം.21900702 | 28.1.2020 | വീക്ഷണം | 47193/11.12.19 | 8000/- |
| ആകെ | | | | | 36499/- |

മേൽ വിവരിച്ച പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികമനുവദിച്ച തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതിനോ, ഭാവിയിൽ ഈ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ബിൽ തുകയിൽ നിന്നും ക്രമീകരിക്കുന്നതിനോ നടപടികൾ ഉണ്ടാവേണ്ടതാണ്.

## 1-26 വയോജന ക്ഷേമം ഫർണ്ണീച്ചർ വാങ്ങൽ -മാർഗ്ഗരേഖ ഉത്തരവിനു വിരുദ്ധമായി വാങ്ങൽ നടത്തി.

പദ്ധതി നമ്പർ-115/20

ഫണ്ട് -പ്ലാൻ ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥ-സൂപ്രണ്ട് സിഎച്ച്സി,മാള

മാള സിഎച്ച്സിയിൽ ചികിത്സക്കായി എത്തുന്ന വയോജനങ്ങൾക്കായി ഫർണ്ണീച്ചർ വാങ്ങൽ എന്ന പദ്ധതി പ്രകാരം താഴെ കൊടുക്കുന്ന പ്രകാരം ഫർണ്ണീച്ചർ വാങ്ങിയിട്ടുണ്ട്.

| ഇനം | എണ്ണം | വില |
|---|---|---|
| അലമാര | 8 | 60000 |
| ടേബിൾ | 6 | 19500 |
| സ്റ്റീൽ റാക്ക് | 10 | 28000 |
| കമ്പ്യൂട്ടർ ചെയർ | 4 | 10800 |
| എയർ പോർട്ട് ചെയർ | 7 | 37800 |
| റിവോൾവിങ്ങ് സ്റ്റൂൾ | 4 | 8400 |

പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(കൈ)നം.11/18/തസ്വഭവ/തീയതി 29.1.18 ഖണ്ഡിക 6.5(3) പ്രകാരം വയോജനങ്ങൾ നിരന്തരം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും സ്ഥാപനങ്ങൾക്കും ഇരിപ്പിടത്തിനുള്ള സംവിധാനം വയോജന ക്ഷേമത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്.എന്നാൽ സ്ഥാപനത്തിൽ വയോജനങ്ങൾക്ക് പ്രത്യേക ക്യൂ

സംവിധാനമോ ,ഒ.പി സംവിധാനമോ ഇല്ല എന്നാണ് അന്വേഷണത്തിൽ ഉദ്യോഗസ്ഥർ അറിയിച്ചത്.കൂടാതെ ഇരിപ്പിടാവശ്യത്തിനല്ലാത്ത ഫർണ്ണീച്ചറുകളും (കമ്പ്യൂട്ടർ ചെയർ,അലമാര,ടേബിൾ,സ്റ്റീൽ റാക്ക് ) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയിട്ടുണ്ട്.റാക്ക് വയോജനങ്ങളുടെ ജീവിതശൈലി ക്ളിനിക്കിലെ രേഖകൾ സൂക്ഷിക്കുന്നതിനായി വാങ്ങിയതെന്നാണ് അറിയിച്ചത്.മറ്റ് ഫർണ്ണീച്ചറുകൾ മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയതിനെ സാധൂകരിക്കുന്ന യാതൊരു രേഖകളും ഫയലിൽ ഇല്ല.പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അവ മാർഗ്ഗരേഖ പ്രകാരമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.മേഖല വിഭജനത്തിനു വേണ്ടി മാത്രം പദ്ധതികൾ ഉണ്ടാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

മേൽ പദ്ധതിയിൽ ഫർണ്ണീച്ചർ വാങ്ങൽ നടത്തിയപ്പോൾ ഏറ്റവും കൂടുതൽ പ്രചാരമുള്ള പത്രത്തിൽ പരസ്യം ചെയ്യുന്നതിന് പകരം പ്രചാരം കുറഞ്ഞ വീക്ഷണം പത്രത്തിൽ മാത്രമാണ് പരസ്യം നൽകിയത്.ആയത് വിൻഡോ ആയി നൽകുന്നതിന് പകരം 10*8 സൈസിലാണ് നല്കിയത് .ഈ ഇനത്തിൽ പദ്ധതിയിൽ നിന്നും വലിയൊരു തുക(8000രൂപ) പരസ്യത്തിനായി നല്കേണ്ടതായി വന്നു.പദ്ധതി മോണിറ്ററിങ്ങ് എന്ന പേരിൽ പദ്ധതി അനുബന്ധ ചെലവുകൾക്കായി ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി ഉണ്ടായിരിക്കെ വയോജനക്ഷേമം പദ്ധതിയിൽ ഉൾപ്പെടുത്തി പരസ്യ ചാർജ്ജിനത്തിൽ തുക ചെലവ് ചെയ്തത് ശരിയല്ല.അപാകതകൾ ഭാവിയിൽ ആവർക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽപ്പെടാത്ത പദ്ധതി നടപ്പാക്കി

നിർവഹണോദ്യോഗസ്ഥ : വ്യവസായ വികസന ഓഫീസർ
പ്രോജക്ട് നമ്പർ : 36/19-20

പ്രോജക്ടിന്റെ പേര് : കരകൗശലമേഖലയിലുള്ളവർക്ക് പ്രവർത്തന മൂലധനം

വിഭാഗം : പൊതുവിഭാഗം

മുഖ്യമേഖല : ഉല്പാദനം

അടങ്കൽ തുക : 353040/- ( വികസന ഫണ്ട് - പൊതുവിഭാഗം സാധാരണവിഹിതം)

ചെലവ് തുക : 353040/-

സ. ഉ. കൈ.നം. 22/2018 ത.സ്വ.ഭ.വ , 14/2/2018 മാർഗ്ഗരേഖ, സംരംഭകത്വ പ്രോത്സാഹനത്തിന് റിവോൾവിങ്ങ് ഫണ്ടും പലിശ സബ്സിഡിയും വ്യവസ്ഥ (6) പ്രകാരം അഞ്ച് ലക്ഷം രൂപ വരെ അടങ്കലുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തും 5 മുതൽ 10 ലക്ഷം രൂപവരെ അടങ്കലുള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തും 10 ലക്ഷം രൂപയ്ക്ക് മുകളിൽ അടങ്കലുള്ള പദ്ധതികൾ ജില്ലാപഞ്ചായത്തും ആണ് നടപ്പിലാക്കേണ്ടത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അഞ്ച് ലക്ഷം രൂപയിൽ താഴെ അടങ്കലുള്ള മേൽ സൂചിപ്പിച്ച പദ്ധതി നടപ്പാക്കിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. (ഓഡിറ്റ് അന്വേഷണം നമ്പർ :12, തീയതി : 12/04/2022 ) പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ഡയാലിസിസ് യൂണിറ്റ് -ചെലവ് രേഖകൾ കൃത്യമല്ല.

പദ്ധതി നമ്പർ-64/20

ഫണ്ട് -പ്ളാൻ ജനറൽ
വൗച്ചർ നമ്പർ-21900550/18.12.2019-92300/-
വൗച്ചർ നമ്പർ-21900606/10.01.2020-89050/-

നിർവ്വഹണ ഉദ്യോഗസ്ഥ-സൂപ്രണ്ട് സിഎച്ച്സി,മാള

ഡയാലിസിസ് യൂണിറ്റ് പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ89050/-,92300 /- എന്നീ തുകകൾ പിൻ വലിച്ചതായി ഫയലിലെ ബിൽ കോപ്പിയിൽ കാണുന്നു.എന്നാൽ പ്രസ്തുത തുക ഏതിനത്തിൽ ചെലവഴിച്ചു എന്നതിന്റെ വിശദാംശങ്ങൾ ഫയലിൽ ചേർത്തിട്ടില്ല. ആയതിനാൽ മേൽ ചെലവുകളുടെ കൃത്യത പരിശോധിക്കാൻ സാധിക്കാത്തതിനാൽ ചെലവ് തുക( 89050+ 92300= 181350/-)ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ-21/13.4.2022).

## 1-29 ഡയാലിസിസ് യൂണിറ്റിലേക്ക് മരുന്നും കിറ്റും വാങ്ങൽ

പദ്ധതി നമ്പർ-65/20

ഫണ്ട് -പ്ളാൻ ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥ-സൂപ്രണ്ട് സിഎച്ച്സി,മാള

ബിൽ നമ്പർ-69/15.2.20-158758/-

ബിൽ നമ്പർ-78/17.3.20-134450/-

മാള സിഎച്ച്സിയിലെ ഡയാലിസിസ് യൂണിറ്റിന്റെ നടത്തിപ്പ് ആശുപത്രി മാനേജിങ്ങ് കമ്മറ്റിയാണ് ചെയ്യുന്നത്. ഡയാലിസിസ് യൂണിറ്റിലേക്ക് മരുന്നും കിറ്റും വാങ്ങൽ പദ്ധതി പ്രകാരം ട്രിനിറ്റി ഫാർമ്മ എന്ന സ്ഥാപനത്തിൽ നിന്നും മരുന്ന് ,ഡയാലിസിസിനുള്ള കിറ്റ് എന്നിവയാണ് വാങ്ങിയിരിക്കുന്നത്.

മരുന്ന് വാങ്ങൽ നടത്തിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ)മരുന്ന് വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിന്റെ യാതൊരു രേഖകളും ഫയലിൽ ഇല്ല.

ബി)മരുന്ന് വാങ്ങിയ സ്ഥാപനത്തിനു നൽകേണ്ടതിനു പകരം പദ്ധതി പ്രകാരം പിൻ വലിച്ച തുക ആശുപത്രി മാനേജിങ്ങ് കമ്മറ്റിയുടെ അക്കൗണ്ടിലേക്കാണ് നൽകിയിരിക്കുന്നത്.(കിറ്റിനുള്ള ചെലവും ഇതേ അക്കൗണ്ടിലേക്കാണ് നൽകിയിരിക്കുന്നത്))

സി)സ്ഥാപനത്തിന്റെ 271210 രൂപയുടെ കൈപ്പററ് രസീത് മാത്രമേ ഫയലിൽ ഉള്ളൂ.(ഓഡിറ്റ് എൻക്വയറി നമ്പർ-21/13.4.2022).ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും പദ്ധതി പ്രകാരം പിൻവലിച്ച തുക ആശുപത്രി മാനേജിങ്ങ് കമ്മറ്റിയുടെ അക്കൗണ്ടിലേക്ക് നൽകിയതിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്. പദ്ധതി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം മരുന്ന് വാങ്ങലിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ വാങ്ങൽ നടത്തരുത്. മരുന്ന് വാങ്ങൽ സംബന്ധിച്ച രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-30 ഡയാലിസിസിന് ആരംഭിച്ച ആശുപത്രി മാനേജിങ്ങ് കമ്മറ്റിയുടെ അക്കൗണ്ടിൽ പ്ളാൻ ഫണ്ട് പിൻവലിച്ച് നിക്ഷേപിച്ചത് ചെലവഴിക്കാതെ അവശേഷിക്കുന്നു.

10.2.2020ന് ഡയാലിസിസ് സംബന്ധിച്ച ആവശ്യങ്ങൾക്കായി ആരംഭിച്ച ആശുപത്രി മാനേജിങ്ങ് കമ്മറ്റിയുടെ അക്കൗണ്ടിന്റെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച് നിക്ഷേപിച്ച തുകകളിൽ 31.3.2020 ൽ 60291 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.(2019-20 ൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി മാറിയ തുക ആശുപത്രി മാനേജിംഗ് കമ്മിറ്റി അക്കൗണ്ടിലേക്ക് മാറ്റിയത്). ബിൽ സമ്പ്രദായം ആരംഭിച്ചതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ജി.ഒ(പി) നം.177/2006/ഫിൻ തീ.12.4.2006 ഉത്തരവിലെ ഖ.6.1 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്താൽ പ്ളാൻ ഫണ്ടിൽ നിന്ന് തുക പിൻ വലിക്കുവാൻ പാടില്ല.(ഓഡിറ്റ് എൻക്വയറി നമ്പർ-19/13.4.2022)അപാകതക്ക് മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 മരുന്ന് വാങ്ങൽ മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല.

പദ്ധതി നമ്പർ-59/20

നിർവ്വഹണ ഉദ്യോഗസ്ഥ-സൂപ്രണ്ട് സിഎച്ച്സി,മാള

ബിൽ നമ്പർ-21/19.8.19-45886/-

ബിൽ നമ്പർ-80/30.3.20-250000/-

പാലിയേറ്റീവ് കെയർ പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിനായി PRF-597/6.8.19&PRF-5449/20.3.20 എന്നീ പ്രൊഫോർമ്മ ഇൻവോയ്സുകൾ പ്രകാരം യഥാക്രമം 45886&250000രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറി.എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല.മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 ഡയാലിസിസ് യൂണിറ്റ് പദ്ധതികൾ -മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ല.

കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ,മാളയിലെ ഡയാലിസിസ് യൂണിറ്റിന്റെ നടത്തിപ്പ് 3.10.2019 തീയതിയിലെ ബ്ളോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 1(2) തീരുമാന പ്രകാരം ആശുപത്രി മാനേജിങ്ങ് കമ്മറ്റിയെ ഏൽപ്പിച്ചു.2019-20ൽ 64/20,65/20 എന്നീ പദ്ധതികളിലായി ആശുപത്രി മാനേജിങ്ങ് കമ്മറ്റിയുടെ കീഴിൽ ഉള്ള ഡയാലിസിസ് യൂണിറ്റിന്റെ ചെലവിലേക്കായി താഴെ ചേർക്കുന്ന പ്രകാരം തുക നൽകിയിട്ടുണ്ട്.വിശദാംശം താഴെ ചേർക്കുന്നു.

64/20-124730/-

65/20-293008/-

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷ പദ്ധതിക്കായുള്ള ഉത്തരവ് (ജി.ഒ(എംഎസ്) നം.72/17/തസ്വഭവ തീയതി.29.3.17 ഖ.12.11.2(8) ൽ സർക്കാർ ആശുപത്രികളിലെ ഡയാലിസിസ് കേന്ദ്രങ്ങൾക്ക് സഹായം നൽകുന്നതിന്

നിർദ്ദേശം ഉണ്ടായിരുന്നു.എന്നാൽ തുടർന്നുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള ഉത്തരവിൽ (ജി.ഒ(എംഎസ് ) നം.11/18 /തസ്വഭവ തീയതി.29.1.19 )മേൽ നിർദ്ദേശം ഉൾപ്പെടുത്തിയിട്ടില്ല.ആയതിനാൽ മരുന്ന് ,ഡയാലിസിസ് കിറ്റ് എന്നിവ വാങ്ങുന്നതിനും ജീവനക്കാരുടെ വേതനം ഉൾപ്പെടെയുള്ള ചെലവുകൾ നടത്തുന്നതിനും വേണ്ടി തയ്യാറാക്കി നടപ്പിലാക്കിയ മേൽ പദ്ധതികളുടെ നടത്തിപ്പിന് പ്രത്യേക സർക്കാർ അംഗീകാരം വാങ്ങേണ്ടതാണ്.

## 1-33 ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ്-ജി എസ് ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി.

പദ്ധതി നം.79/19-20 , പോളക്കുളം മോട്ടോർ സ്ഥാപിക്കൽ

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ബിൽ നം, തിയതി.4/11-4-20, തുക-190104

22-9-2015ലെ സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/തസ്വഭവ, പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവർത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ഈ ആവശ്യത്തിനായി ജി എസ് ടി ഉൾപ്പെടാതെയുള്ള തുകയാണ് എസ്റ്റിമേറ്റ് തുകയായി പരിഗണിക്കേണ്ടതെന്ന് ഫിനാൻസ് (ഇന്റസ്ട്രീസ്&പബ്ലിക് വർക്സ്-ബി) വകുപ്പിന്റെ 1-3-2019ലെ, 18/2019/fin സർക്കുലർ ഖണ്ഡിക 6-ൽ വ്യക്തമാക്കുന്നുണ്ട്. മേൽ പ്രവർത്തിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, സൂപ്പർവിഷനുമായി ജി എസ് ടി ഉൾപ്പെടാത്ത എസ്റ്റിമേറ്റ് തുകയായ 171460ന്റെ 4% ആയ 6858/ രൂപാ നൽകുന്നതിന് പകരം, എസ്റ്റിമേറ്റ്+12% ജി എസ് ടി തുകയായ, 192035ന്റെ 4%ആയ 7681/ രൂപയാണ് നൽകിയിരിക്കുന്നത്. ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സൂപ്പർവിഷനുമായി ശ്രീ. വർഗീസ് പ്ലാശ്ശേരിക്ക് അധികം നൽകിയിരിക്കുന്ന 7681-6858=823/ രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.6/11-4-22).

## 1-34 ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് പണി പൂർത്തിയാക്കി ഫൈനൽ ബിൽ നൽകിയപ്പോൾ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ജി എസ് ടി തുക അധികമായി ആവശ്യപ്പെട്ടു.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ, പദ്ധതി നം.26/20, സി എച്ച് സി മാള കുടിവെള്ള സംവിധാനം, പദ്ധതി നം.121/20,ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ കുഴൽകിണർനിർമാണം എന്നീ പദ്ധതികൾക്കായി ഭൂജലവകുപ്പ് ജില്ലാ ഓഫീസർ 26-2-20ൽ ഡി ജി ടി/2327/2019-ാം നമ്പർ കത്ത് പ്രകാരം നൽകിയ എസ്റ്റിമേറ്റിൽ, പ്രോജക്ട് നം.26/20ന് 69600/രൂപയും, പ്രോജക്ട് നം.121/20ന് 75700/രൂപയാണ് എസ്റ്റിമേറ്റ് തുക കാണിച്ചിട്ടുള്ളത്. ഈ എസ്റ്റിമേറ്റിൽ ജി എസ് ടിയ്ക്ക് പ്രൊവിഷൻ ഇല്ലായിരുന്നു.

ബ്ലോക്ക് പഞ്ചായത്ത്, 19-3-20ലെ ബിൽ നം.57/19 പ്രകാരം,69600/രൂപയും,19-3-20ലെ ബിൽ നം.58/19 പ്രകാരം 75700/രൂപയും ഭൂജലവകുപ്പിന് നൽകിയിട്ടുണ്ട്. മേൽ പ്രവർത്തിയ്ക്കായി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും, ഭൂജലവകുപ്പ് ജില്ലാ ഓഫീസറും തമ്മിൽ ഒപ്പ് വച്ച 1/20-21, തി.12-5-2020-ാം നമ്പർ കരാറിലെ 1-ാം നമ്പർ നിബന്ധന പ്രകാരം ,എസ്റ്റിമേറ്റ് പ്രകാരം ഭൂജലവകുപ്പ് നിർമാണപ്രവൃത്തി പൂർത്തിയാക്കുന്നതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്.

എന്നാൽ പണി പൂർത്തിയാക്കി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, 31-10-21ന് നൽകിയ ഡി ജിടി/2327/2019 നമ്പർ ഫൈനൽ ബില്ലിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ജി എസ് ടി കോമ്പൻസേഷൻ 12% അടക്കമാണ് തുക ഡിമാന്റ് ചെയ്തിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് 2021-22 ൽ പ്ലാൻ ഫണ്ടിൽ നിന്നും ,പദ്ധതി നം.26/20 ന് ഡെപ്പോസിറ്റായി നൽകിയ 69600/ രൂപ കൂടാതെ, ജി സ് ടി കോമ്പൻസേഷൻ ഉൾപ്പെടുത്തിയത് കൊണ്ട് അധികമായി വന്ന 2422/രൂപയും, പദ്ധതി നം.121/20 ന് ഡെപ്പോസിറ്റ് ആയി നൽകിയ 75700/രൂപ കൂടാതെ ,3478/ രൂപയും നൽകിയിട്ടുണ്ട്. ആയതിനാൽ താഴെ പറയുന്നകാര്യങ്ങൾക്ക് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും കൃത്യമായ വിശദീകരണം ആവശ്യപ്പെടേണ്ടതാണ്.

1. ഫൈനൽ ബില്ലിനോടൊപ്പം ജി എസ് ടി നിയമപ്രകാരമുള്ള ടാക്സ് ഇൻവോയ്സ് ഹാജരാക്കിയിട്ടുണ്ടോ?

2.2/20 ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ കോസ്റ്റ് ഇൻഡക്സ് 37.25ഉം, 10/21ൽ ഫൈനൽ ബിൽ നൽകിയപ്പോൾകോസ്റ്റ് ഇൻഡക്സ് 31.06 . ഏത് കോസ്റ്റ് ഇൻഡക്സ് പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറീക്കിയിട്ടുള്ളത് ?

മേൽ വിഷയത്തിൽ വ്യക്തമായ വിശദീകരണം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്ന് വാങ്ങേണ്ടതാണ്.വിശദീകരണം ലഭ്യമാകുന്നത് വരെ ചെലവ് തുക,145300/ രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 ട്രഷറി ബിൽ ബുക്ക് പരിശോധനക്ക് ഹാജരാക്കിയില്ല.

വ്യവസായ വികസന ഓഫീസറുടെ ട്രഷറി ബിൽ ബുക്ക് പരിശോധനക്ക് ഹാജരാക്കിയില്ല. സാംഖ്യയിലെ വൌച്ചർ പ്രകാരമാണ് ചെലവ് പരിശോധിക്കാനായത്. രേഖകൾ ഓഡിറ്റിന് സമയബന്ധിതമായി ഹാജരാക്കുന്നതിന്

ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ്-ജി.എസ്.ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി.

പദ്ധതി നം.79/19-20 , പോളക്കുളം മോട്ടോർ സ്ഥാപിക്കൽ

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ബിൽ നം, തിയതി.4/11-4-20, തുക-190104

22-9-2015ലെ സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/തസ്വഭവ, പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവർത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ഈ ആവശ്യത്തിനായി ജി എസ് ടി ഉൾപ്പെടാതെയുള്ള തുകയാണ് എസ്റ്റിമേറ്റ് തുകയായി പരിഗണിക്കേണ്ടതെന്ന് ഫിനാൻസ് (ഇന്റസ്ട്രീസ്&പബ്ലിക് വർക്ക്സ്-ബി) വകുപ്പിന്റെ 1-3-2019ലെ, 18/2019/fin സർക്കുലർ ഖണ്ഡിക 6-ൽ വ്യക്തമാക്കുന്നുണ്ട്. മേൽ പ്രവർത്തിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, സൂപ്പർവിഷനുമായി ജി എസ് ടി ഉൾപ്പെടാത്ത എസ്റ്റിമേറ്റ് തുകയായ 171460ന്റെ 4% ആയ 6858/ രൂപാ നൽകുന്നതിന് പകരം, എസ്റ്റിമേറ്റ്+ 12% ജി.എസ്.ടി തുകയായ, 192035 ന്റെ 4%ആയ 7681/ രൂപയാണ് നൽകിയിരിക്കുന്നത്. ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സൂപ്പർവിഷനുമായി ശ്രീ.വർഗീസ് പ്ലാശ്ശേരിക്ക് അധികം നൽകിയിരിക്കുന്ന 7681-6858=823/ രൂപാ ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.6/11-4-22).

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വാർഷിക കണക്ക പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് ലഭിച്ചതായി കാണുന്നുണ്ടെങ്കിലും ഇത് സംബന്ധിച്ച വിശദാംശംങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പരിശോധനക്ക് ഹാജരാക്കിയില്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ചതുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | സി എച്ച് സി മാള കുടിവെള്ളസംവിധാനം | 57/19-20,dt.19-3-20 | 69600 | 0 | 69600 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുന്നത്ത്കാട്പട്ടികജാതികോളനി സാംസ്കാരികനിലയംകുഴൽകിണർ | 59/19-20,dt.20-3-20 | 69050 | 0 | 69050 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ കുഴൽകിണർനിർമാണം | 58/19-20,dt.19-3-20 | 75700 | 0 | 75700 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല.

### 4-4 വായ്പാ/വായ്പാ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെഅവസ്ഥ |
|---|---|---|---|---|---|
| 1995 -96മുതൽ 1997-98 വരെ | 24 | 2004-06 | 9 | പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പുനരുദ്ധാരണം ക്ലപ്പൺ പിരിവ് | 4-4-2022ൽ നടന്ന ഓഡിറ്റ് അദാലത്തിൽ മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 1995 -96മുതൽ 1997-98 വരെ | 38 | 2004-06 | 15 | മാള ആശുപത്രി കെട്ടിചനിർമാണ പദ്ധതിയ്ക്ക് പണം വകമാറ്റിചെലവഴിച്ചതിനും പ്ലാൻഫണ്ടിൽ നിന്നും അധിക തുക കൊടുത്തതിനും അംഗീകാരം വാങ്ങാൻ ശ്രമിച്ചിട്ടില്ലെന്ന് മാത്രമല്ല ചെലവുകൾ സാധൂകരിക്കത്തക്ക വിധത്തിൽ രേഖകൾ എഴുതി സൂക്ഷിച്ചിട്ടില്ല. | 4-4-2022ൽ നടന്ന ഓഡിറ്റ് അദാലത്തിൽ മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 1998-99 | 21 | 2004-05 | 21 | പ്രോജക്ടിന്റെ രൂപരേഖ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളൊന്നും തന്നെ പാലിക്കാതെ പദ്ധതിക്കാവശ്യമായ പണം അനവസരത്തിൽ കൈമാറ്റം ചെയ്തു. | 4-4-2022ൽ നടന്ന ഓഡിറ്റ് അദാലത്തിൽ മറുപടി സമർപ്പിച്ചിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 1995 -96മുതൽ 1997-98 വരെ | | | 22 | തിരുത്തിക്കുളങ്ങര എൽ.ഐ.എസ് | 4-4-2022ൽ നടന്ന ഓഡിറ്റ് അദാലത്തിൽ മറുപടി സമർപ്പിച്ചിട്ടുണ്ട് |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39826025 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40727370 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 823 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 997860 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 823 | രമ്യ.സി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24(1)&(2) | 400000 | ശ്രീമതി.സുനിത.പി.വി, വ്യവസായവികസന ഓഫീസർ |
| 1-28 | 181350 | ഡോ.ആശ.പി.എസ്, മെഡിക്കൽ ഓഫീസർ, സിഎച്ച്സി |
| 1-29 | 271210 | ഡോ.ആശ.പി.എസ്, മെഡിക്കൽ ഓഫീസർ, സിഎച്ച്സി |
| 1-34 | 145300 | ശ്രീമതി.രമ്യാ.സി, സെക്രട്ടറി |
| | 997860 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | മേൽവിലാസം | |
| ശ്രീമതി.സുനിതപി.വി, വ്യവസായവികസന ഓഫീസർ | വ്യവസായ വികസനഓഫീസർ, മാള | കൂട്ടാല വീട്, നടവരമ്പ് പി.ഒ, ഇരിങ്ങാലക്കട |
| ഡോ.ആശ.പി.എസ്, സൂപ്രണ്ട്, സിഎച്ച്സി | സൂപ്രണ്ട്,സിഎച്ച്സി മാള | മാഞ്ഞൂരാൻ വീട്, മാള.പി.ഒ.-680732 |
| ശ്രീമതി.രമ്യ.സി, സെക്രട്ടറി | സെക്രട്ടറി , ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് | രാമകൃഷ്ണ നിലയം , കാഞ്ഞവേലി ,കൊല്ലം-691602 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96, 96-97, 97-98 | എൽ.എഫ്.ടി.13-407/99/9.7.97/3.8.99 |
| 98-99 | എൽ.എഫ്.ടി.13-273/01/18.5.01/6.8.01 |
| 99-2000 | എൽ.എഫ്.ടി.13-/276/01/18.5.01/6.8.01 |
| 2000-01 | എൽ.എഫ്.ടി.13-619/04/6.10.04/7.2.05 |
| 2001-02 | എൽ.എഫ്.ടി.13-90/06/30.06.06/4.10.06 |
| 2002-03 | എൽ.എഫ്.ടി.21-2424/07/24.2.09 |
| 2003-04 | എൽ.എഫ്.ടി.21-2425/07/24.2.09 |
| 2004-05 | എൽ.എഫ്.ടി.2426/07/24.2.09 |
| 2005-06 | എൽ.എഫ്.ടി.2427/07/24.2.09/8.6.09 |
| 2006-07 | എൽ.എഫ്.ടി.(ബിപി)1635/11/28.3.12 |
| 2007-08 | എൽ.എഫ്.ടി.(ബിപി)1636/11/28.3.12 |
| 2008-09 | എൽ.എഫ്.ടി.(ബിപി)1637/11/28.3.12 /27.6.12 |
| 2009-10, 2010-11 | എൽ.എഫ്.ടി.(ബിപി)1677/12/10.1.13 /12.4.13 |
| 2011-12 | എൽ.എഫ്.ടി.(ബിപി)1937/13/6.3.14 /8.3.14 |
| 2012-13 | എൽ.എഫ്.ടി.(ബിപി)1245/2014/10.10.14 /3.12.14 |
| 2013-14 | കെ.എസ്.എ.ടി.എസ് .ആർ (ബിപി.2)1704/15/15.12.15/11.1.16 |
| 2014-15&2015-16 | കെ.എസ്.എ.ടി.എസ് .ആർ (ബിപി.2)/605 /17/18.5.2017/29.5.2017 |
| 2016-17 | കെ.എസ്.എ.ടി.എസ് .ആർ (ബിപി.2)/1736/2017,30.11.2017/11.01.2018 |
| 2017-18 | കെ.എസ്.എ.ടി.എസ് .ആർ (ബിപി.2)139/19, 29/04/19 |

| | |
|---|---|
| 2018-19 | നം.കെ.എസ്.എ-ടി.എസ്.ആർ(BP2)38/2020 തീയതി :19-5-2020 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്